# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1084.** 11.7.2011-ൽ മറുപടിക്ക്

## "ക്ഷീരവികസനത്തിനുള്ള പുതിയ പദ്ധതികൾ"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്.**<br>**ശ്രീ. വി. ശിവൻകുട്ടി.**<br>**ശ്രീമതി കെ.എസ്. സലീഖ.**<br>**ശ്രീ. എസ്. രാജേന്ദ്രൻ.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത വർദ്ധിച്ചുവരുന്ന പാൽക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി വികസനത്തിന് മുൻ സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതേ നില മുന്നോട്ടു കൊണ്ടുപോകാൻ തയ്യാറാകുമോ;<br><br>(സി) ക്ഷീരവികസനത്തിനായി പരിഗണിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ? | (എ), (ബി) & (സി) നിലവിലുള്ള പദ്ധതികൾ തുടരുന്നതോടൊപ്പം ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിലൂടെ. വർദ്ധിച്ചു വരുന്ന പാൽക്ഷാമം പരിഹരിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**